പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5218 — 26.03.2018-ലെ മറുപടിക്ക്

## അങ്കമാലി- എരുമേലി ശബരി റെയിൽപാത പദ്ധതി

ചോദ്യം — ശ്രീ. രാജു എബ്രഹാം

ഉത്തരം — ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടകർക്കും നാട്ടുകാർക്കും ഒരേ പോലെ പ്രയോജനം ചെയ്യുന്ന അങ്കമാലി- എരുമേലി ശബരി റെയിൽപാത പദ്ധതി സർക്കാർ ഉപേക്ഷിച്ചി ട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതിനായി സ്ഥലമേറ്റെടുക്കൽ നടപടി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി മുതൽ കാലടി വരെ പാതയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിലെ ശേഷിക്കുന്ന ഭാഗത്തിന്റെ ജോയിന്റ് വെരിഫിക്കേഷൻ 31.05.2018-ന് മുമ്പ് പൂർത്തിയാക്കുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ഫൈനൽ ലൊക്കേഷൻ സർവ്വേ പുരോഗമിച്ചു വരുന്നു. സർവ്വേ നടത്തുന്നത് തടസ്സപ്പെടുത്തുന്ന പ്രദേശങ്ങളിൽ പോലീസ് സംരക്ഷണത്തോടു കൂടി പൂർത്തിയാക്കാനുള്ള സഹായം നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 13 വില്ലേജുകളിൽ 3 വില്ലേജുകളിലെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നത് 45 ദിവസങ്ങൾക്കകം |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ SIA പഠനം നടത്താൻ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സംയുക്ത സംരംഭത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന പദ്ധതികളിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഈ പാത യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിയുടെ ചെലവ് 50:50 അനുപാതത്തിൽ വഹിക്കണമെന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ബഹു. പ്രധാന മന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കേന്ദ്ര സർക്കാർ ഈ പദ്ധതി റെയിൽവേയുടെ 100% ഫണ്ടിംഗ് ഓടുകൂടി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാന മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ഇ) | അങ്കമാലി - എരുമേലി പാത നീട്ടി പുനലൂർ - കൊല്ലം പാതയുമായി ബന്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠന പ്രവർത്തികൾ നടത്തിവരികയാണ്. |

**സെക്ഷൻ ഓഫീസർ**